പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1628 — 11.08.2017 ൽ മറുപടിക്ക്

## വാഹനാപകടങ്ങൾ കുറയ്ക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ജെയിംസ് മാത്യു<br>" വി. അബ്ദുറഹിമാൻ<br>" ബി.ഡി. ദേവസ്സി<br>" കെ.ജെ.മാക്സി | ശ്രീ.തോമസ് ചാണ്ടി<br>(ഗതാഗത വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് വർദ്ധിച്ചു വരുന്ന വാഹനാപകടങ്ങൾ കുറയ്ക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) അമിത വേഗത റോഡപകടങ്ങൾ സൃഷ്ടിക്കുന്നതിൽ ഒരു പ്രധാന പങ്ക് വഹിക്കുന്നു എന്ന് മനസ്സിലാക്കിക്കൊണ്ട് വാഹനങ്ങളുടെ അമിതവേഗത നിയന്ത്രിക്കുന്നതിനായി മോട്ടോർ വാഹന വകുപ്പ് നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി സ്റ്റേജ് കാര്യേജുകളിലും ഹെവി വാഹനങ്ങളിലും സ്കൂൾ വാഹനങ്ങളിലും സ്പീഡ് ഗവർണർ നിർബന്ധമാക്കിയിട്ടുണ്ട്. സ്പീഡ് ട്രേസറുകൾ, മൊബൈൽ എൻഫോഴ്സ്മെന്റ് സ്ക്വാഡ് എന്നിവ ഉപയോഗിച്ചുള്ള വാഹന പരിശോധനകളിലും ഓഫീസ് തലങ്ങളിൽ നടത്തപ്പെടുന്ന ചെക്കിംഗുകളിലും അമിതവേഗതയിലോടുന്ന വാഹനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇത് കൂടാതെ മോട്ടോർ വാഹന വകുപ്പിന്റെ കീഴിൽ ഡ്രൈവർമാർക്ക് നൽകുന്ന പരിശീലനങ്ങളിൽ അമിതവേഗതക്കെതിരെ അവബോധം സൃഷ്ടിക്കുന്നതിനായി പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്നുണ്ട്.<br><br>റോഡ് സുരക്ഷക്കായി ഒരു ദശകം എന്ന ലോകാരോഗ്യ സംഘടന തുടക്കമിട്ട പരിപാടി നടപ്പിലാക്കുന്നതിന്റെ ഭാഗമായി കേരള റോഡ് സുരക്ഷാ അതോറിറ്റിയിൽ നിന്നും മോട്ടോർ വാഹന വകുപ്പിനനുവദിച്ച ഫണ്ടുപയോഗിച്ച് പ്രീ ഡ്രൈവേഴ്സ് ടെസ്റ്റ് പരിശീലനം, ഡ്രൈവിംഗ് സ്കൂൾ ഇൻസ്ട്രക്ടർമാർക്കുള്ള പരിശീലനം,വിദ്യാർത്ഥികൾക്കും അധ്യാപകർക്കുമുള്ള പരിശീലനം, ട്രാൻസ്പോർട്ട്, നോൺ ട്രാൻസ്പോർട്ട് ഡ്രൈവർമാരിൽ |

അവബോധം വളർത്തുന്നതിനായി നടത്തുന്ന പരിശീലന പരിപാടികൾ മുതലായവ നടപ്പിലാക്കി വരുന്നു. ഇതിനുപുറമെ ടിപ്പർ ലോറി, വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വാഹനങ്ങൾ എന്നിവിടങ്ങളിലെ ഡ്രൈവർമാർക്കും പരിശീലനം കൊടുത്തുവരുന്നു. മദ്യപിച്ചും അശ്രദ്ധമായും വാഹനം ഉപയോഗിക്കുന്നവർക്കെതിരെ ലൈസൻസ് കണ്ടുകെട്ടുകയും സസ്പെൻഷൻ, പിഴ ഈടാക്കൽ തുടങ്ങിയ നടപടികൾ നടപ്പിലാക്കി വരുന്നു.

റോഡ് സുരക്ഷക്കായി ഒരു ദശകം എന്ന ലോകാരോഗ്യ സംഘടന ആഹ്വാനം ചെയ്ത പരിപാടിയുടെ ഭാഗമായി കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ ധനസഹായത്തോടെ ബോധവൽക്കരണ പരിപാടി നടന്നുവരുന്നു. ഈ പരിപാടി ഇപ്പോഴും തുടരുന്നു.

മേഖല തലത്തിൽ അത്യാധുനിക റഡാർ സംവിധാനമുള്ള ഇന്റർസെപ്റ്ററുകൾ ഉപയോഗിച്ചും വാഹനങ്ങളുടെ അമിതവേഗത കണ്ടുപിടിയ്ക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനുപുറമെ വാഹനാപകടങ്ങളുടെ സാന്ദ്രത കൂടിയ ബ്ലാക്ക് സ്പോട്ടുകൾ കണ്ടുപിടിച്ച്, പൊതുമരാമത്ത് വകുപ്പ് തുടങ്ങി മറ്റു വകുപ്പുകളുടെ സഹായത്തോടുകൂടി തിരുത്തൽ നടപടികൾ സ്വീകരിച്ചുവരുന്നു.

റോഡപകടങ്ങൾ നിയന്ത്രിക്കുന്നതിനും റോഡ് സുരക്ഷാ നടപടികൾ കൂടുതൽ ഫലവത്തായി നടത്തുന്നതിനും വകുപ്പിന് ഒരു എൻഫോഴ്സ്മെന്റ് വിംഗ് സർക്കാർ അനുവദിക്കുകയും പ്രവർത്തനം തുടങ്ങുകയും ചെയ്തിട്ടുണ്ട്.

ദൃശ്യ ശ്രാവ്യ അച്ചടി മാധ്യമങ്ങളുടെ സാധ്യത ഉപയോഗിച്ച് റോഡ് സുരക്ഷ സംബന്ധിച്ച് പൊതുജനങ്ങളിൽ ബോധവൽക്കരണം നടത്തി അച്ചടക്കമുള്ള ഒരു ട്രാഫിക് സംസ്കാരം രൂപപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു. റോഡ് സുരക്ഷ ബോധവൽക്കരണം വ്യാപകമാക്കുന്നതിന്റെ ഭാഗമായി കേരളത്തിലെ സാധ്യമാകുന്ന എല്ലാ സിനിമ തീയേറ്ററുകളിലൂടെയും റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട ഹ്രസ്വ ചിത്രങ്ങൾ സംപ്രേക്ഷണം ചെയ്യുന്നതിനായി പോലീസ്

| | | | |
|---|---|---|---|
| | | | ട്രാഫിക് വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട് രാത്രികാല എയർപോർട്ട് യാത്ര അപകടങ്ങൾ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി രാത്രികാല സവാരി നടത്തുന്ന ഡ്രൈവർമാരെയും യാത്രക്കാരെയും ബോധവൽക്കരിക്കുന്നതിനായി കേരള റോഡ് സുരക്ഷ അതോറിറ്റിയുടെ നേതൃത്വത്തിൽ അച്ചടിച്ച ലീഫ് ലെറ്റുകൾ കേരളത്തിലെ മൂന്ന് അന്താരാഷ്ട്ര വിമാനത്താവളങ്ങളുടെ പരിധിയിൽ വരുന്ന റീജിയണൽ ട്രാൻസ് പോർട്ട് ഓഫീസർമാരുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ രാത്രികാലങ്ങളിൽ വിതരണം ചെയ്തിട്ടുണ്ട്. വാഹന ഡ്രൈവർമാരെ ബോധവല്ക്കരിക്കുന്നതിന്റെ ഭാഗമായി അതോറിറ്റിയുടെ നേതൃത്വത്തിൽ അച്ചടിച്ച റോഡ് റെഗുലേഷൻസ് എന്ന ലീഫ് ലെറ്റുകൾ റീജിയണൽ ട്രാൻസ് പോർട്ട് ഓഫീസർ മുഖേന എല്ലാ ജില്ലകളിലും വിതരണം ചെയ്തിട്ടുണ്ട്. ബോധവൽക്കരണ പരിപാടികൾ കൂടാതെ പോലീസ് മോട്ടോർവാഹന വകുപ്പുകൾ നിരന്തരമായി വാഹനപരിശോധന നടത്തുന്നുണ്ട്. |
| (ബി) | അമിത വേഗതയിൽ വാഹനം ( ഓടിക്കുന്നവരെ കണ്ടുപിടിക്കുന്നതിനായി ഹൈവേകളിലും മറ്റു തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിലും നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | അമിതവേഗതയിൽ പോകുന്ന വാഹനങ്ങളെ പിടികൂടുവാൻ ചേർത്തല മുതൽ മഞ്ചേശ്വരം വരെ ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. റോഡ് സുരക്ഷാ അതോറിറ്റിയുടെ സാമ്പത്തിക സഹായത്തോടെയാണ് ഇവ സ്ഥാപിച്ചത്. ഇതുകൂടാതെ സംസ്ഥാന വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കൊല്ലം, കോട്ടയം, എറണാകുളം, കണ്ണൂർ എന്നീ ജില്ലകളിലും ക്യാമറകൾ സ്ഥാപിച്ചു. നിലവിൽ വാളയാർ - വടക്കാഞ്ചേരി പാതയിൽ ക്യാമറകൾ സ്ഥാപിക്കുന്ന നടപടികൾ പുരോഗമിച്ചുവരുന്നു. |
| (സി) | പ്രായപൂർത്തിയാകാത്ത കുട്ടികൾ വാഹനങ്ങൾ ഓടിക്കുന്നത് കർശനമായി നിരീക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നുവ്യക്തമാക്കാമോ; | (സി) & (ഡി) | പ്രായപൂർത്തിയാവാത്ത കുട്ടികൾ സ്കൂളിൽ പോകുന്നതിനും മറ്റ് ആവശ്യങ്ങൾക്കുമായി ഇരുചക്ര വാഹനങ്ങൾ സംസ്ഥാനവ്യാപകമായി ഉപയോഗിക്കുന്നതായും ഇതുമൂലം ഗുരുതരമായ അപകടങ്ങൾക്ക് കാരണമാകുന്നതും ശ്രദ്ധയിൽപ്പെട്ടതിനാൽ മോട്ടോർ വാഹന വകുപ്പ് കർശനമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. പ്രായപൂർത്തിയാവാത്ത വിദ്യാർത്ഥികൾ വാഹനങ്ങൾ ഓടിക്കാതിരിക്കാനും ഉപയോഗിക്കുന്നവരുടെ ഡ്രൈവിംഗ് ലൈസൻസ് പരിശോധിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിലേക്കായി രക്ഷകർത്താക്കൾ, സ്കൂൾ |
| (ഡി) | ഇതിലേയ്ക്കായി രക്ഷകർത്താക്കൾ, സ്കൂൾ അധികൃതർ, അധ്യാപകർ എന്നിവരെ ഉൾപ്പെടുത്തി സ്കൂളുകളിൽ പ്രവർത്തിക്കുന്ന റോഡ് സുരക്ഷാ ക്ലബ്ബുകൾ മുഖേന വിദ്യാർത്ഥികൾക്ക് ബോധവൽക്കരണം | | |

| | |
|---|---|
| നടത്തുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ? | അധികൃതർ, അധ്യാപക രക്ഷകർതൃസമിതി എന്നിവരെ ഉൾക്കൊള്ളിച്ചുകൊണ്ട് സ്കൂളുകളിൽ പ്രവർത്തിക്കുന്ന റോഡ് സുരക്ഷാ ക്ലബ്ബുകൾ മുഖേന ആവശ്യമായ ബോധവത്കരണം നടത്താൻ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ലൈസൻസ് ഇല്ലാതെ വാഹനമോടിച്ച് സ്കൂളുകളിൽ എത്തുന്നത് തടയുവാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. റോഡ് സുരക്ഷാ ബോധവത്കരണ ക്ലാസുകളിൽ ഇതുസംബന്ധിച്ച് വ്യക്തമായ മാർഗ്ഗനിർദ്ദേശം നൽകുന്നുണ്ട്. സ്കൂൾ അധികൃതർക്ക് ഇതു സംബന്ധിച്ച നിർദ്ദേശം നൽകിയിട്ടുണ്ട്. വാഹന പരിശോധനാസമയത്ത് ഇക്കാര്യത്തിൽ ശ്രദ്ധ പതിപ്പിക്കാറുണ്ട്. ഹെൽമറ്റ് പരിശോധനയും കർശനമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ